പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 347 | 28/11/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## 2017-ലെ മാനസികാരോഗ്യ പരിരക്ഷാ നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.മുരളീധരൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | 2017-ലെ മാനസികാരോഗ്യ പരിരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) | മാനസികാരോഗ്യ പരിരക്ഷാ നിയമം ( മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി കരട് കേരള സംസ്ഥാന മെന്റൽ ഹെൽത്ത് റൂൾസ് -2018 നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയിലാണ്. അതോടൊപ്പം സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിററി രൂപീകരിക്കുന്നതിനായി മെന്റൽ ഹെൽത്ത് ആക്ട് 2017 ലെ സെക്ഷൻ 46 ൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള മെംബർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. |
| ബി) | ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും ഏറ്റെടുക്കുവാൻ ആരുമില്ലാതെ സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളിലും വിവിധ ജയിലുകളിലും കഴിയുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവരെ പുനരധിവസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും ഏറ്റെടുക്കുവാൻ ആരുമില്ലാത്തവരും വിചാരണതടവുകാരുമായ മാനസികാരോഗ്യകേന്ദ്രങ്ങളിലും വിവിധ ജയിലുകളിലുമായി കഴിയുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യം, ആഭ്യന്തരം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 6.8.18 ലെ യോഗ തീരുമാന പ്രകാരം സൈക്കോസോഷ്യൽ റീഹാബിലി |

| | | | |
|---|---|---|---|
| | | | റ്റേഷൻ സെന്ററുകളിൽ നിന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. |
| സി) | ഇതിലേക്കായി സർക്കാർ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | സി) | ഇല്ല. |

സെക്ഷൻ ഓഫീസർ